പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 298

# 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 298

# 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

211/2026.

# 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് (1980-ലെ 21) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ഇ) ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“ (ഇഎ) “ ഇ-സ്റ്റാമ്പ്” എന്നാൽ കേരള ബാർ കൗൺസിൽ പുറത്തിറക്കുന്ന പരമ്പരാഗത സ്റ്റാമ്പുകൾക്ക് പകരം ഇലക്ട്രോണിക്കലായി നിർമ്മിച്ച ബദൽ;”;

(ii) (ജെ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“ “സ്റ്റാമ്പ്” എന്നാൽ 22-ാം വകുപ്പിൻ കീഴിൽ അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ക്ഷേമനിധി സ്റ്റാമ്പും അഡ്വക്കേറ്റ് സ്റ്റൈപ്പന്റ് സ്റ്റാമ്പും എന്നർത്ഥമാകുന്നതും അതിൽ ഇ-സ്റ്റാമ്പും ഉൾപ്പെടുന്നതുമാകുന്നു.”.

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) (സി) ഖണ്ഡത്തിൽ , "ഒരു അംഗം" എന്നീ വാക്കുകൾക്ക് പകരം " രണ്ട് അംഗങ്ങൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എഫ്) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" 11-ാം വകുപ്പു പ്രകാരം സർക്കാർ നിയമിക്കുന്ന ട്രസ്റ്റി കമ്മിറ്റിയുടെ സെക്രട്ടറി." .

4. 10-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (2) ട്രസ്റ്റി കമ്മിറ്റി, ഫണ്ടിന്റെ ഭാഗമായി തീരുന്ന എല്ലാ തുകയും വരുമാനങ്ങളും ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കുകയോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷനിലോ വായ്പകളിലോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വക വായ്പകളിലോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ബോണ്ടുകളിലോ, അഭിഭാഷകർക്കായി രൂപീകരിച്ച പെൻഷനിലും മറ്റ് പദ്ധതികളിലുമോ ദേശസാൽകൃത ബാങ്കുകൾ ഷെഡ്യൂൾഡ് ബാങ്കുകൾ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അല്ലെങ്കിൽ പൊതുമേഖലാ ഇൻഷ്വറൻസ് എന്നിവരുമായി സഹകരിച്ചുള്ള പെൻഷൻ പദ്ധതികൾ അല്ലെങ്കിൽ ദേശസാൽകൃത , ഷെഡ്യൂൾഡ് ബാങ്കുകൾ, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അല്ലെങ്കിൽ പൊതു ഇൻഷ്വറൻസ് കമ്പനികൾ നൽകുന്ന ആരോഗ്യ-മരണ ഇൻഷ്വറൻസ് പദ്ധതികൾ അല്ലെങ്കിൽ ബാർ കൗൺസിൽ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും രീതിയിലോ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നിക്ഷേപിക്കേണ്ടതാണ്.".

5. 11-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം, താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

" സെക്രട്ടറിയുടെ നിയമനവും അധികാരങ്ങളും ചുമതലകളും.– "

(ii) നിലവിലുള്ള വകുപ്പ് (2)-ാം ഉപവകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത ഉപവകുപ്പിന് മുമ്പായി താഴെപ്പറയുന്ന ഉപവകുപ്പ് (1)-ാം ഉപവകുപ്പായി ചേർക്കേണ്ടതുമാണ്, അതായത്:—

" (1) ഗവൺമെന്റിന്, നിയമ വകുപ്പിലെ, ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ, ട്രസ്റ്റി കമ്മിറ്റിയുടെ സെക്രട്ടറിയായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്."

6. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ " അംഗങ്ങളുടെ " എന്ന വാക്കിന് പകരം "യഥാർത്ഥ പ്രാക്ടീസുള്ള അംഗങ്ങളുടെ " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

7. 15-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,—

(i) (1ഇ) ഉപവകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1എഫ്) ഫണ്ടിൽ അംഗമായ ഒരു അഭിഭാഷകന് ഫണ്ടിൽ ആദ്യം അംഗമാകുന്ന സമയത്ത് പ്രസക്തമായ തന്റെ മുൻകാല പ്രാക്ടീസ് കാലാവധിയ്ക്ക് ആനുപാതികമായി (5)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ നിരക്കിൽ വാർഷിക വരിസംഖ്യയും യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും രണ്ടായിരം രൂപ പിഴയും ഒടുക്കിക്കൊണ്ട്, ഫണ്ടിൽ അംഗമാകുന്ന സമയത്ത് പ്രസക്തമായ തന്റെ മുൻകാല പ്രാക്ടീസ് കാലാവധി കണക്കാക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിയ്ക്ക് അപേക്ഷ നൽകാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള അംഗത്തിന് ഫണ്ടിലേക്ക് അങ്ങനെ പ്രവേശനം ലഭിച്ച തീയതി മുതൽ പത്ത് വർഷക്കാലാവധിക്കുള്ളിൽ പ്രാക്റ്റീസ് സ്വമേധയാ അവസാനിപ്പിച്ചാൽ ഫണ്ടിൽ നിന്നും പ്രസ്തുത തുക ആവശ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതല്ലാത്തതുമാണ്:

എന്നു മാത്രമല്ല ഈ ഉപവകുപ്പ് പ്രകാരം മുൻകാല പ്രാക്ടീസ് കണക്കാക്കാൻ അനുവാദം ലഭിച്ച ഒരു അഭിഭാഷകന് അയാളുടെ യഥാർത്ഥ പ്രാക്ടീസിന്റെ പത്ത് വർഷം വരെ മാത്രമേ അവകാശപ്പെടാൻ യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ." ;

(ii) (3)-ാം ഉപവകുപ്പിൽ, "അഞ്ഞൂറ്" എന്ന വാക്കിന് പകരം " ആയിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (5)-ാം ഉപവകുപ്പിനും ക്ലിപ്തനിബന്ധനക്കും പകരം താഴെപ്പറയുന്ന ഉപവകുപ്പും ക്ലിപ്തനിബന്ധനകളും ചേർക്കേണ്ടതാണ്, അതായത്:—

" (5) ഫണ്ടിലെ ഓരോ അംഗവും ഫണ്ടിലേക്കുള്ള വാർഷിക വരിസംഖ്യ എല്ലാ വർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ താഴെപ്പറയുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന നിരക്കുകളിൽ നൽകേണ്ടതാണ്, അതായത്:—

പട്ടിക

| ക്രമ നമ്പർ | വിവരണം | നിരക്ക് *(₹)* |
|---|---|---|
| (1) | (2) | (3) |
| 1 | അഭിഭാഷകന്റെ ബാറിലെ സേവന കാലം അഞ്ച് വർഷത്തിൽ കുറവാണെങ്കിൽ | 1,000 |
| 2 | അഭിഭാഷകന്റെ ബാറിലെ സേവന കാലം അഞ്ചുവർഷവും അതിലധികവും എന്നാൽ പത്തുവർഷത്തിൽ കുറവും ആണെങ്കിൽ | 2,500 |
| 3 | അഭിഭാഷകന്റെ ബാറിലെ സേവന കാലം പത്തുവർഷവും അതിലധികവും എന്നാൽ പതിനഞ്ചുവർഷത്തിൽ കുറവും ആണെങ്കിൽ | 4,000 |
| 4 | അഭിഭാഷകന്റെ ബാറിലെ സേവന കാലം പതിനഞ്ചുവർഷവും അതിലധികവും എന്നാൽ ഇരുപത് വർഷത്തിൽ കുറവും ആണെങ്കിൽ | 4,500 |
| 5 | അഭിഭാഷകന്റെ ബാറിലെ സേവന കാലം ഇരുപത് വർഷവും അതിലധികവും എന്നാൽ ഇരുപത്തിയഞ്ച് വർഷത്തിൽ കുറവും ആണെങ്കിൽ | 5,000 |
| 6 | അഭിഭാഷകന്റെ ബാറിലെ സേവന കാലം ഇരുപത്തിയഞ്ച് വർഷവും അതിലധികവും എന്നാൽ മുപ്പത് വർഷത്തിൽ കുറവും ആണെങ്കിൽ | 5,500 |
| 7 | അഭിഭാഷകന്റെ ബാറിലെ സേവന കാലം മുപ്പതുവർഷവും അതിലധികവും ആണെങ്കിൽ | 6,000 |

എന്നാൽ, 1961-ലെ അഭിഭാഷക ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) പ്രകാരം, സീനിയർ അഭിഭാഷകനായി പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ, ഫണ്ടിലേയ്ക്ക്, പതിനായിരം രൂപ നിരക്കിൽ വാർഷികവരിസംഖ്യ നൽകേണ്ടതാണ് :

എന്നാൽ, ഫണ്ടിൽ തുടർച്ചയായി നാൽപതു വർഷത്തെ അംഗത്വം പൂർത്തിയാക്കിയ ഒരു അംഗം, തന്റെ അംഗത്വം തുടരുകയാണെങ്കിൽ, തുടർന്നുള്ള അംഗത്വ കാലയളവിലേക്ക് വാർഷിക വരിസംഖ്യ അടയ്ക്കേണ്ടതില്ല .";

(iv) (7)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധനയും വിശദീകരണവും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

" എന്നാൽ, അസാധാരണമായ സാഹചര്യത്തിൽ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിക്ക് പിഴ അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

വിശദീകരണം:— " അസാധാരണ സാഹചര്യം" എന്നാൽ കേരള സംസ്ഥാനം മുഴുവനായോ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തോ ഒരു പകർച്ചവ്യാധിയോ പാൻഡെമിക് അല്ലെങ്കിൽ പ്രകൃതി ദുരന്തമോ ബാധിച്ചതിന്റെ ഫലമായി കേന്ദ്രമോ കേരള സർക്കാരോ ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ ലോക്ക്ഡൗൺ അല്ലെങ്കിൽ അടച്ചുപൂട്ടൽ പ്രഖ്യാപിക്കുകയും കോടതികൾ പ്രവർത്തിക്കാതിരിക്കുകയും അഭിഭാഷകർ വലിയ ദുരിതത്തിലാകുകയും ചെയ്യുന്ന ഒരു സാഹചര്യം എന്നാണ് അർത്ഥമാക്കുന്നത്.".

8. 16-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) "ഇരുപത്തി അയ്യായിരം രൂപ", "പത്ത് ലക്ഷം രൂപ" എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "അൻപതിനായിരം രൂപ", "ഇരുപത് ലക്ഷം രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ നിലവിലുള്ള ക്ലിപ്ത നിബന്ധനകൾക്കു ശേഷം, ഇനി പറയുന്ന ക്ലിപ്ത നിബന്ധനകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

" എന്നാൽ, പത്ത് ലക്ഷം രൂപയ്ക്ക് മുകളിലുള്ള തുക 2026-ലെ അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് നിലവിൽ വന്ന് അടുത്ത അഞ്ച് വർഷത്തേക്ക്, പൂർത്തിയാക്കിയ ഓരോ പ്രാക്ടീസ് വർഷത്തിനും നൽകേണ്ട നിലവിലുള്ള ആനുകൂല്യങ്ങളിൽ ഇരുപത് ശതമാനം വർദ്ധനവോടെ, (2)-ാം ഉപവകുപ്പ് പ്രകാരം മരണമടയുന്ന സംഗതികളിലൊഴികെ, പ്രാക്ടീസ് നിർത്തലാക്കിയ ഫണ്ടിലെ ഒരംഗത്തിന് വിതരണം ചെയ്യേണ്ടതാണ്:

എന്നു തന്നെയുമല്ല, അംഗങ്ങൾക്ക് പരമാവധി ഇരുപത് ലക്ഷം രൂപ മാത്രമേ അവകാശപ്പെടാൻ അർഹതയുള്ളൂ:

എന്നു തന്നെയുമല്ല, ഫണ്ടിൽ നിന്നുള്ള പണത്തിന്റെ എല്ലാ വ്യയവും ഓരോ സാമ്പത്തിക വർഷത്തിലും ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്ന യഥാർത്ഥ വരവുകളിൽ നിന്നാണെന്ന് ട്രസ്റ്റി കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.";

(ii) (2)-ാം ഉപവകുപ്പിന് പകരം ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (2) യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെടുന്ന സംഗതിയിൽ, അയാൾ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആൾ ഇല്ലായെങ്കിൽ ജീവിതപങ്കാളിക്കോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആളോ ജീവിതപങ്കാളിയോ ഇല്ലായെങ്കിൽ നിയമാനുസൃതമായ അവകാശികൾക്കോ , അതതു സംഗതിപോലെ , പത്ത് ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ പരമാവധി മൊത്തം ഇരുപത് ലക്ഷം രൂപ, ഇതിൽ ഏതാണോ കൂടുതൽ അത്, നിധിയിൽ നിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.";

(iii) (4)-ാം ഉപവകുപ്പിൽ, രണ്ടാം ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

9. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ (ബി) ഖണ്ഡത്തിൽ , "ഒരു ലക്ഷം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് ലക്ഷം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

10. 18 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിനു ശേഷം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 18 എ. മെഡിക്കൽ ഇൻഷ്വറൻസ് സ്കീം.— കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിക്ക് അതിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് നൽകുന്നതിനുള്ള ഒരു പദ്ധതി രൂപീകരിക്കാവുന്നതാണ്."

11. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) ബാർ കൗൺസിൽ നൂറ് രൂപയുടെയും ഇരുന്നൂറ് രൂപയുടെയും മൂല്യമുള്ള ക്ഷേമനിധി സ്റ്റാമ്പുകളും ഇരുപത്തഞ്ച് രൂപയുടെയും അൻപത് രൂപയുടെയും മൂല്യമുള്ള അഡ്വക്കേറ്റ് സ്റ്റൈപ്പന്റ് സ്റ്റാമ്പുകളും ബാർ കൗൺസിൽ മുദ്രയോടും അതിൻമേൽ അതിന്റെ മൂല്യം പതിച്ചു കൊണ്ടും അച്ചടിപ്പിക്കുകയും വിതരണം ചെയ്യിക്കുകയും ചെയ്യേണ്ടതാണ്. ".

12. 22 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിനു ശേഷം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22 എ. ജീവനക്കാരുടെ നിയമനവും, ശമ്പളവും, സേവന വ്യവസ്ഥകളും.—അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയ്ക്ക് ഒരു അക്കൗണ്ടന്റും കാലാകാലങ്ങളിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ജീവനക്കാരും ഉണ്ടായിരിക്കേണ്ടതും, അവരുടെ ശമ്പള സ്കെയിലും സേവന വ്യവസ്ഥകളും സർക്കാരുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടേണ്ടതും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ടതുമാണ്.".

13. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഓരോ വക്കാലത്തിലും അതിൻമേൽ പതിച്ചിട്ടുള്ള കോർട്ട് ഫീസ് സ്റ്റാമ്പിന് പുറമേ, ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ ഇരുന്നൂറ് രൂപ മൂല്യമുള്ളതും കീഴ്ക്കോടതികളുടെയും ട്രിബ്യൂണലുകളുടെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ നൂറ് രൂപ മൂല്യമുള്ളതുമായ ക്ഷേമനിധി സ്റ്റാമ്പും, ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ അൻപത് രൂപ മൂല്യമുള്ളതും കീഴ്ക്കോടതികളിലും ട്രിബ്യൂണലുകളിലും മറ്റ് അധികാര സ്ഥാനങ്ങളിലും മുമ്പാകെ ഫയൽ ചെയ്യുന്ന സംഗതിയിൽ ഇരുപത്തിയഞ്ച് രൂപയുടെയും അഭിഭാഷക സ്റ്റൈപ്പന്റ് സ്റ്റാമ്പും പതിച്ചിരിക്കേണ്ടതാണ്. അപ്രകാരം സ്റ്റാമ്പ് പതിച്ചിട്ടില്ലാത്ത യാതൊരു വക്കാലത്തും സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു :

എന്നാൽ ഗവൺമെന്റിനു വേണ്ടി ഹാജരാകുന്ന ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന യാതൊരു അപ്പിയറൻസ് മെമ്മോറാണ്ടത്തെ സംബന്ധിച്ചും ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും ബാധകമാകുന്നതല്ല:

എന്നു മാത്രമല്ല, ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഏതൊരു വക്കാലത്തും, അങ്ങനെ മുദ്ര പതിപ്പിച്ചിട്ടില്ലെങ്കിൽ, ഒരു കോടതിയോ, ട്രിബ്യൂണലോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനമോ സ്വീകരിക്കാൻ പാടില്ലാത്തതും, ഫണ്ടിന് നഷ്ടം വരുത്തിയതിന് ഉത്തരവാദിയാണെന്ന് കണ്ടെത്തുന്ന ഏതൊരു വ്യക്തിയെയും അത്തരം നഷ്ടം നികത്തുന്നതിന് ബാധ്യസ്ഥനാക്കാവുന്നതുമാണ്.

വിശദീകരണം.—ഒരു വക്കാലത്തുമൂലം മൂന്നോ അതിലധികമോ അഭിഭാഷകർ കൂട്ടായി ഹാജരാകുകയാണെങ്കിൽ അതിൻമേൽ ഒട്ടിക്കാവുന്ന സ്റ്റാമ്പുകളുടെ ഏറ്റവും കൂടിയ എണ്ണം മൂന്നായിരിക്കുന്നതാണ്.";

(ii) (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (4) ട്രസ്റ്റി കമ്മിറ്റിക്ക്, ക്ഷേമനിധി സ്റ്റാമ്പുകളുടെയും അഭിഭാഷക സ്റ്റൈപ്പൻഡ് സ്റ്റാമ്പുകളുടെയും വില, ഇ-സ്റ്റാമ്പ് വഴിയും ശേഖരിക്കാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള അഭിഭാഷക ക്ഷേമനിധിയുടെ ഭരണനിർവ്വഹണം ശക്തിപ്പെടുത്തുന്നതിനും അതിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980 - ലെ 21-ാം ആക്റ്റ്) 2, 4, 10, 11, 14, 15, 16, 18, 22, 23 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. കാര്യക്ഷമമായ ഭരണം ഉറപ്പാക്കുന്നതിനായി, കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയിലെ സർക്കാർ നോമിനികളുടെ എണ്ണം ഒന്നിൽ നിന്ന് രണ്ടായി ഉയർത്താൻ സർക്കാർ തീരുമാനിച്ചു. ട്രസ്റ്റി കമ്മിറ്റിയുടെ സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യാനും തീരുമാനിച്ചു.

3. ഫണ്ടിലെ അംഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും ഒരു മെഡിക്കൽ ഇൻഷുറൻസ് പദ്ധതി അവതരിപ്പിക്കാനും സർക്കാർ തീരുമാനിച്ചു. ഫണ്ടിന്റെ ഭാഗമായ തുകകളും വരവുകളും കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ബോണ്ടുകൾ, പെൻഷൻ അല്ലെങ്കിൽ മറ്റ് പദ്ധതികളിൽ നിക്ഷേപിക്കാൻ ട്രസ്റ്റി കമ്മിറ്റിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. മാത്രമല്ല, ആവശ്യമായ ജീവനക്കാരെ നിയമിക്കാനും, അവരുടെ സേവന വ്യവസ്ഥകൾ തീരുമാനിക്കാനും, അതോടൊപ്പം അസാധാരണമായ സാഹചര്യങ്ങളിൽ വീഴ്ച വരുത്തിയാൽ പിഴ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാനുള്ള അധികാരം ട്രസ്റ്റി കമ്മിറ്റിക്ക് നൽകുവാനും തീരുമാനിച്ചു. യഥാർത്ഥ മുൻകാല പ്രാക്ടീസിന്റെ കാലാവധി കണക്കാക്കുന്നതിനുള്ള ആവശ്യമായ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. മേജർ സർജിക്കൽ ഓപ്പറേഷനുകൾക്കും കാൻസർ ചികിത്സയ്ക്കുമുള്ള സാമ്പത്തിക സഹായം ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയായി ഉയർത്താനും, കൂടാതെ പ്രാക്ടീസ് നിർത്തലാക്കുമ്പോഴും, മരണം സംഭവിക്കുമ്പോഴും ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി ഇരുപത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. (2026-2027 ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 165)

4. ഫണ്ടിലെ ധനകാര്യ സ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിനായി, അഡ്മിഷൻ ഫീസും, വാർഷിക വരിസംഖ്യയും, ക്ഷേമനിധി സ്റ്റാമ്പുകളുടെ മൂല്യവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ തീരുമാനിച്ചു. കൂടാതെ, വിവിധ കോടതികളിലെ ഫയലിങ്ങുകൾക്കായി അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അവതരിപ്പിക്കുന്നതിനും, ആധുനിക പേമെന്റ് മാർഗ്ഗങ്ങൾ സാദ്ധ്യമാക്കുന്നതിനുമായി സ്റ്റാമ്പുകളുടെ മൂല്യം ഈ-സ്റ്റാമ്പിംഗ് വഴി ശേഖരിക്കുന്നതിനായി ട്രസ്റ്റി കമ്മിറ്റിയെ അധികാരപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

5. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ, ബില്ലിലെ 5-ാം ഖണ്ഡിക പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന ആക്റ്റിലെ 11-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സെക്രട്ടറിയുടെ ശമ്പളത്തിനും അലവൻസുകൾക്കുമായും, ബില്ലിലെ 8-ാം ഖണ്ഡിക പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന ആക്റ്റിലെ 16-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഫണ്ടിലെ ഒരംഗത്തിന് ലഭിക്കേണ്ട തുക വർദ്ധിപ്പിക്കുന്നതിനും, ബില്ലിലെ 9-ാം ഖണ്ഡിക പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന ആക്റ്റിലെ 18-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഒരംഗത്തിന്റെ ആശുപത്രി ചികിത്സയ്ക്കായി നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനും, ബില്ലിലെ 10-ാം ഖണ്ഡം പ്രകാരം, ഫണ്ടിലെ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് നൽകുന്നതിനും കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും ചെലവ് ഉണ്ടാകുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 7-ാം ഖണ്ഡപ്രകാരം 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ 15-ാം വകുപ്പിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന (1എഫ്) ഉപവകുപ്പ്, നിലവിലുള്ള അംഗത്തിന്റെ യഥാർത്ഥ മുൻകാല പ്രാക്റ്റീസ് കണക്കാക്കുന്നതിനുള്ള അപേക്ഷാ ഫോറം നിർണ്ണയിക്കുവാൻ ബാർ കൗൺസിലിനെ അധികാരപ്പെടുത്തുന്നു.

ബില്ലിലെ 12-ാം ഖണ്ഡപ്രകാരം 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 22 എ വകുപ്പ്, കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റീ കമ്മിറ്റിയിലെ ജീവനക്കാരുടെ ശമ്പള സ്കെയിലും സേവനവ്യവസ്ഥകളും നിർണ്ണയിക്കുവാൻ ബാർ കൗൺസിലിനെ അധികാരപ്പെടുത്തുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. രാജീവ്.

// ശരിത്തർജ്ജമ //

# 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ (1980-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) " യഥാർത്ഥ പ്രാക്റ്റീസ്" എന്നാൽ ഒരു സീനിയർ അഭിഭാഷകനല്ലാതെയുള്ള, ഒരു അഭിഭാഷകവൃത്തി നടത്തുന്നതും 27-ാം വകുപ്പിന് കീഴിൽ ബാർ കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കനുസൃതമായി അത് പ്രസിദ്ധീകരിക്കുകയും വെച്ചുപോരുകയും ചെയ്യുന്ന പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തപ്പെട്ടതുമായ ഒരു അഭിഭാഷകൻ പ്രതിവർഷം കുറഞ്ഞത് അഞ്ച് വക്കാലത്തുകൾ ഫയൽ ചെയ്യുന്നതും എന്നർത്ഥമാകുന്നു.

(എഎ) " അഭിഭാഷകൻ" എന്നാൽ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) 17-ാം വകുപ്പുപ്രകാരം കേരള ബാർ കൗൺസിൽ തയ്യാറാക്കിയതും വച്ചുപോരുന്നതുമായ അഭിഭാഷകരുടെ സംസ്ഥാന പട്ടികയിൽ പേര് ചേർത്തിട്ടുള്ള ഒരാൾ എന്ന് അർത്ഥമാകുന്നു.

(എബി) "അഭിഭാഷക അക്കാദമി" എന്നാൽ ജനങ്ങൾക്ക് കാര്യക്ഷമമായ നിയമസേവനം നൽകുന്നതിന് അഭിഭാഷകരെ പ്രാപ്തരാക്കുന്നതിനുവേണ്ടി അവർക്ക് പരിശീലനം നൽകുന്നതിനായി ബാർ കൗൺസിൽ രൂപീകരിച്ച അക്കാദമി എന്നർത്ഥമാകുന്നു;

(ബി) "ബാർ അസോസിയേഷൻ" എന്നാൽ 13-ാം വകുപ്പു പ്രകാരം ബാർ കൗൺസിൽ അംഗീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള അഭിഭാഷകരുടെ ഒരു അസോസിയേഷൻ എന്ന് അർത്ഥമാകുന്നു.

(സി) "ബാർ കൗൺസിൽ" എന്നാൽ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റ് (1961-ലെ 25-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പുപ്രകാരം ഏർപ്പെടുത്തിയ കേരള ബാർ കൗൺസിൽ എന്ന് അർത്ഥമാകുന്നു.

(ഡി) " പ്രാക്റ്റീസ് നിർത്തലാക്കൽ" എന്നതിന് ബാർ കൗൺസിൽ വച്ചുപോരുന്ന സംസ്ഥാന പട്ടികയിൽ നിന്നും ഒരു അഭിഭാഷകന്റെ പേര് ഫണ്ടിൽ പതിനഞ്ചു വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കിയതുകൊണ്ടോ ശാശ്വതമായി കഴിവില്ലാതാകുന്നതുകൊണ്ടോ മരണപ്പെട്ടതുകൊണ്ടോ നീക്കം ചെയ്യുക എന്നർത്ഥമാകുന്നു.

(ഇ) "ആശ്രിതർ" എന്നാൽ ഭാര്യയോ ഭർത്താവോ അച്ഛനോ, അമ്മയോ ആൺമക്കളും പെൺമക്കളും അഥവാ അവരിൽ അതുപോലെ ജീവിച്ചിരിക്കുന്നവരോ എന്നും അർത്ഥമാകുന്നു.

(എഫ്) "ഫണ്ട്" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയ അഭിഭാഷക ക്ഷേമനിധി എന്ന് അർത്ഥമാകുന്നു.

(ജി) “ ഫണ്ടിലെ അംഗം" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുകയും അംഗമായി തുടർന്നുപോരുകയും ചെയ്യുന്ന ഒരു അഭിഭാഷകൻ എന്ന് അർത്ഥമാകുന്നു.

(ജിഎ) “ പ്രാക്റ്റീസ് ചെയ്യാത്ത അഭിഭാഷകൻ" എന്നാൽ യഥാർത്ഥ പ്രാക്റ്റീസ് ചെയ്യാത്ത അഭിഭാഷകൻ എന്നർത്ഥമാകുന്നു;

(ജിബി) "പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകൻ" എന്നാൽ യഥാർത്ഥ പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകൻ എന്നർത്ഥമാകുന്നു;

(ജിജി) “ ശാശ്വതമായ കഴിവില്ലായ്മ” എന്നാൽ ഒരു അഭിഭാഷകന് തന്റെ വൃത്തിപരമായ പ്രാക്ടീസ് തുടരുവാൻ എന്നന്നേക്കുമായി നിശ്ശേഷം കഴിവില്ലാതാക്കുന്ന അങ്ങനെയുള്ള ശാരീരികമോ മാനസികമോ ആയ കഴിവില്ലായ്മ എന്നർത്ഥമാകുന്നു;

(എച്ച്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾമൂലം ബാർ കൗൺസിലിനാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു.

(ഐ) "വിരമിക്കൽ" എന്നാൽ ബാർ കൗൺസിലിനെ അറിയിക്കുകയും ബാർ കൗൺസിൽ രേഖപ്പെടുത്തുകയും ചെയ്ത ഒരു അഭിഭാഷകന്റെ പ്രാക്റ്റിസ് നിർത്തലാക്കൽ എന്ന് അർത്ഥമാകുന്നു.

(ജെ) "സ്റ്റാമ്പ്" എന്നാൽ 22-ാം വകുപ്പിൻകീഴിൽ അച്ചടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന സ്റ്റാമ്പ് എന്ന് അർത്ഥമാകുന്നു.

(കെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു.

(എൽ) "പ്രാക്റ്റിസ് നിർത്തിവയ്ക്കൽ” എന്നാൽ സ്വമനസ്സാലെ അഭിഭാഷകവൃത്തി നിർത്തിവയ്ക്കുന്നതോ അഥവാ സ്വഭാവദൂഷ്യത്തിന് ബാർ കൗൺസിലിനാൽ നിർത്തിവയ്ക്കപ്പെട്ടതോ എന്ന് അർത്ഥമാകുന്നു.

(എം) "ട്രസ്റ്റി കമ്മിറ്റി" എന്നാൽ 4-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയ കമ്മിറ്റി എന്ന് അർത്ഥമാകുന്നു.

(എൻ) "വക്കാലത്ത്" എന്നാൽ വക്കാലത്ത്നാമാം എന്ന് അർത്ഥമാകുന്നതും അതിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുൻപാകെ ഹാജരാകുന്നതിനോ വാദിക്കുന്നതിനോ ഒരു അഭിഭാഷകനെ അധികാരപ്പെടുത്തുന്ന ഏതെങ്കിലും മെമ്മോറാണ്ടമോ മറ്റേതെങ്കിലും രേഖയോ ഉൾപ്പെടുന്നതുമാകുന്നു.

** ** ** **

4. ട്രസ്റ്റി കമ്മിറ്റിയുടെ നിയമനം.— (1) സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം മൂലം, അതിൽ പറയാവുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി എന്ന് വിളിക്കുന്ന ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്.

(2) ട്രസ്റ്റി കമ്മിറ്റി ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതും പൊതുമുദ്രയുള്ളതും വസ്തുക്കൾ വാങ്ങാനും കൈവശം വയ്ക്കാനും അധികാരമുള്ളതുമായ ഒരു ഏകാംഗയോഗമായിരിക്കേണ്ടതും അതിനെ മേൽ പറഞ്ഞ പേരിൽ വ്യവഹാരപ്പെടുകയും വ്യവഹാരപ്പെടുത്തുകയും ചെയ്യേണ്ടതുമാണ്.

(3) ട്രസ്റ്റി കമ്മിറ്റി.—

(എ) ട്രസ്റ്റി കമ്മിറ്റിയുടെ എക്സ്ഒഫിഷ്യോ ചെയർമാനായി കേരളത്തിലെ അഡ്വക്കേറ്റ് ജനറലും;

(ബി) ഗവൺമെന്റ് നിയമവകുപ്പ് സെക്രട്ടറിയും, എക്സ്ഒഫിഷ്യോ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരു അംഗവും;

(ഡി) ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള അതിലെ മൂന്ന് അംഗങ്ങളും;

(ഇ) ട്രസ്റ്റി കമ്മിറ്റിയുടെ എക്സ്ഒഫിഷ്യോ ട്രഷററായി ബാർ കൗൺസിലിന്റെ ട്രഷററും;

(എഫ്) ട്രസ്റ്റി കമ്മിറ്റിയുടെ എക്സ്ഒഫിഷ്യോ സെക്രട്ടറിയായി ബാർ കൗൺസിലിന്റെ സെക്രട്ടറിയും;

(ജി) കേരള ബാർ ഫെഡറേഷന്റെ പ്രസിഡന്റ്, എക്സ്ഒഫിഷ്യോ;

ചേർന്നുള്ളതായിരിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് (സി) എന്ന ഖണ്ഡപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു അംഗം 4 വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് (ഡി) എന്ന ഖണ്ഡപ്രകാരം ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്ത ഒരു അംഗം നാലുവർഷമോ ബാർ കൗൺസിലിൽ അയാളുടെ അംഗത്വത്തിന്റെ കാലാവധിയോ ഏതാണ് കുറവ് അത്രയും കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

** ** ** **

10. <u>ഫണ്ടുകൾ കടം വാങ്ങലും നിക്ഷേപിക്കലും.</u>— (1) ട്രസ്റ്റി കമ്മിറ്റിക്ക് ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഏതുസംഖ്യയും സർക്കാരിന്റെയും ബാർ കൗൺസിലിന്റെയും മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതതു സമയങ്ങളിൽ കടം വാങ്ങാവുന്നതാണ്.

(2) ട്രസ്റ്റി കമ്മിറ്റി ഫണ്ടിന്റെ ഭാഗമായിതീരുന്ന എല്ലാ തുകകളും വരുമാനങ്ങളും ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കുകയോ, അഥവാ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷനിലെ വായ്പകളിലോ അഥവാ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ വക വായ്പകളിലോ അല്ലെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ബാർ കൗൺസിൽ അതാതു സമയങ്ങളിൽ നിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും രീതിയിലോ അത് നിക്ഷേപിക്കുകയോ ചെയ്യേണ്ടതാകുന്നു.

(3) ഈ ആക്റ്റ് പ്രകാരം കൊടുക്കാനുള്ളതും കൊടുക്കേണ്ടതുമായ എല്ലാ തുകകളും ഫണ്ടിന്റെ നടത്തിപ്പും ഭരണനിർവ്വഹണവും സംബന്ധിച്ച എല്ലാ ചെലവുകളും, ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്.

(4) ട്രസ്റ്റി കമ്മിറ്റിയുടെ കണക്കുകൾ ബാർ കൗൺസിൽ നിയമിച്ച ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ട് വർഷംതോറും ആഡിറ്റു ചെയ്യിക്കേണ്ടതാണ്.

(5) ട്രസ്റ്റി കമ്മിറ്റിയുടെ കണക്കുകൾ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയപ്രകാരം അതിൻമേൽ ആഡിറ്റ് റിപ്പോർട്ടോടുകൂടി ട്രസ്റ്റി കമ്മിറ്റി ബാർ കൗൺസിലിന് അയക്കേണ്ടതും ബാർ കൗൺസിലിന് അതു സംബന്ധിച്ച് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ട്രസ്റ്റി കമ്മിറ്റിക്കു നൽകാവുന്നതും ആകുന്നു.

(6) (5)-ാം ഉപവകുപ്പിൻ കീഴിൽ ബാർ കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾ ട്രസ്റ്റി കമ്മിറ്റി അനുസരിക്കേണ്ടതാണ്.

** ** ** **

11. <u>സെക്രട്ടറിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ട്രസ്റ്റി കമ്മിറ്റിയുടെ സെക്രട്ടറി—

(എ) ട്രസ്റ്റി കമ്മിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് അധികാരസ്ഥൻ ആയിരിക്കുകയും അതിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ചുമതലപ്പെട്ടവനും ആയിരിക്കുന്നതും;

(ബി) കമ്മിറ്റിക്ക് അനുകൂലമായും പ്രതികൂലമായുമുള്ള എല്ലാ വ്യവഹാരങ്ങളിലും നടപടികളിലും ട്രസ്റ്റി കമ്മിറ്റിയെ പ്രതിനിധാനം ചെയ്യുകയും;

(സി) ട്രസ്റ്റി കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും നിർദ്ദേശങ്ങളും അദ്ദേഹത്തിന്റെ കയ്യൊപ്പിട്ട് സാക്ഷ്യപ്പെടുത്തുകയും;

(ഡി) ട്രസ്റ്റി കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ, ട്രഷററുമായി കൂട്ടായി നടത്തുകയും;

(ഇ) ട്രസ്റ്റി കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും അതിന്റെ നടപടി കുറിപ്പുകൾ തയ്യാറാക്കുകയും;

(എഫ്) ആവശ്യമുള്ള റിക്കാർഡുകളോടും വിവരങ്ങളോടും കൂടി ട്രസ്റ്റി കമ്മിറ്റിയുടെ യോഗങ്ങളിൽ ഹാജരാകുകയും;

(ജി) അതാത് സമയങ്ങളിൽ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറങ്ങളും, രജിസ്റ്ററുകളും, മറ്റു റിക്കാർഡുകളും വച്ചുപോരുകയും, ട്രസ്റ്റി കമ്മിറ്റിയുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും നടക്കുകയും;

(എച്ച്) സ്റ്റാമ്പിനെ സംബന്ധിച്ച ബാർ അസോസിയേഷനുകളുടെ അക്കൗണ്ടുകളും രജിസ്റ്ററുകളും കാലാകാലങ്ങളിൽ പരിശോധിക്കുകയും ഒത്തുനോക്കുകയും;

(എച്ച്എച്ച്) അഭ്യർത്ഥനയിൻമേൽ ട്രസ്റ്റി കമ്മിറ്റി കാലകാലങ്ങളിൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചാർജ്ജുകൾ നൽകുന്നതിന്മേൽ, അംഗങ്ങൾ അസ്സൽ അംഗത്വ സർട്ടിഫിക്കറ്റിന് പകരം ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതും;

(ഐ) ഓരോ സാമ്പത്തിക വർഷവും ട്രസ്റ്റി കമ്മിറ്റി നടത്തിയ വ്യാപാര ഇടപാടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും;

(ജെ) ട്രസ്റ്റി കമ്മിറ്റിയും ബാർ കൗൺസിലും നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു പ്രവൃത്തികൾ നടത്തുകയും ചെയ്യേണ്ടതാകുന്നു.

** ** ** **

14. <u>ബാർ അസോസിയേഷനുകളുടെ കർത്തവ്യങ്ങൾ</u>.—(1) ഓരോ ബാർ അസോസിയേഷനും ഓരോ വർഷവും ഏപ്രിൽ 15-ാം തീയതിയോ അതിനുമുൻപോ ആ വർഷത്തിലെ മാർച്ച് 31-ാം തീയതിവരെയുള്ള അതിന്റെ അംഗങ്ങളുടെ ഒരു ലിസ്റ്റ് ബാർ കൗൺസിലിനെ അറിയിക്കേണ്ടതാണ്.

(2) ഓരോ ബാർ അസോസിയേഷനും—

(എ) സംഘടനയിലുള്ള ഔദ്യോഗിക ഭാരവാഹികളുടെ ഏതെങ്കിലും മാറ്റം അങ്ങനെയുള്ള മാറ്റം മുതൽ പതിനഞ്ചു ദിവസങ്ങൾക്കുള്ളിലും;

(ബി) പ്രവേശനവും പുന:പ്രവേശനവും ഉൾപ്പെടെ അംഗത്വത്തിലുണ്ടാകുന്ന ഏതെങ്കിലും മാറ്റം അങ്ങനെ മാറ്റം സംഭവിച്ച് മുപ്പത് ദിവസത്തിനുള്ളിലും;

(സി) ഏതെങ്കിലും അംഗങ്ങളുടെ മരണം, വിരമിക്കൽ, സ്വമേധയായുള്ള പ്രാക്ടീസ് നിർത്തിവയ്ക്കൽ എന്നിവ സംഭവിക്കുന്ന ദിവസം മുതൽ മുപ്പത് ദിവസങ്ങൾക്കുള്ളിലും;

(ഡി) അതതു സമയങ്ങളിൽ ബാർ കൗൺസിൽ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സംഗതികളും ബാർ കൗൺസിലിനെ അറിയിക്കേണ്ടതാണ്.

(3) 15-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വരിസംഖ്യകൾ എല്ലാ ബാർ അസ്സോസിയേഷനും യഥാർത്ഥ പ്രാക്ടീസ് ഉള്ള അതിന്റെ അംഗങ്ങളിൽ നിന്നും ശരിയായ കൈപ്പറ്റ് രസീതോടുകൂടി സ്വീകരിച്ച് ആയത് ഉടൻതന്നെ നിധിയിലേക്ക് അടക്കേണ്ടതാണ്;

(4) 15-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലുള്ള ശുപാർശ സർട്ടിഫിക്കറ്റുകൾ, എല്ലാ ബാർ അസ്സോസിയേഷനും അതിലെ അംഗങ്ങൾ അതിനായി അഭ്യർത്ഥിക്കുമ്പോൾ നൽകേണ്ടതാണ്:

എന്നാൽ, ആ അംഗം ഒരു അഭിഭാഷകനായി സജീവ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് അസ്സോസിയേഷന് ബോദ്ധ്യപ്പെടാത്തപക്ഷം, ഏതെങ്കിലും ശുപാർശ സർട്ടിഫിക്കറ്റ് ബാർ അസ്സോസിയേഷൻ നൽകുവാൻ പാടുള്ളതല്ല.

** ** ** **

15. <u>ഫണ്ടിലെ അംഗത്വം</u>.— (1) സംസ്ഥാനത്തിലെ ഏതെങ്കിലും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഏതൊരു അഭിഭാഷകനും ഫണ്ടിലെ അംഗമായി പ്രവേശനം ലഭിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ നൽകാവുന്നതാണ്.

(1 എ) ഒരു സേവനത്തിൽ നിന്നും വിരമിച്ചശേഷം അഭിഭാഷകനായി എൻറോൾ ചെയ്തിട്ടുള്ള യാതൊരാളെയും അയാൾ അപ്രകാരമുള്ള സേവനത്തിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുവാൻ അർഹനായിരിക്കുകയോ, കൈപ്പറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഫണ്ടിലെ ഒരു അംഗമായി ചേർക്കുന്നതല്ല.

എന്നാൽ അഞ്ചുവർഷത്തിൽ അധികരിക്കാത്ത കാലയളവിൽ സേവനത്തിലുണ്ടായിരുന്നതോ പ്രതിമാസ പെൻഷൻ അയ്യായിരം രൂപയിൽ അധികരിക്കാതെ ലഭിക്കുകയോ ചെയ്യുന്ന ഒരാൾക്ക് ഈ ഉപവകുപ്പ് ബാധകമായിരിക്കുന്നതല്ല.

(1 ബി) നിധിയിൽ നിന്നും വിരമിക്കൽ ആനുകൂല്യം കൈപ്പറ്റിയ ഒരാളെ നിധിയിലെ അംഗമായി വീണ്ടും ചേർക്കുവാൻ പാടുള്ളതല്ല.

(1 സി) ബാർ കൗൺസിൽ പ്രസിദ്ധീകരിക്കുകയും വെച്ചുപോരുകയും ചെയ്യുന്ന പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഫണ്ടിലെ ഒരു അംഗത്തിന് ഫണ്ടിലെ അംഗമായി തുടരാൻ അർഹത ഇല്ലാത്തതും അപ്രകാരമുള്ള കാലയളവിൽ ബാർ കൗൺസിൽ സൂക്ഷിക്കുന്ന പ്രാക്ടീസ് ചെയ്യാത്ത അഭിഭാഷകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള അപ്രകാരമുള്ള അഭിഭാഷകൻ, ഫണ്ടിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

(1 ഡി) ബാർ കൗൺസിൽ പ്രസിദ്ധീകരിക്കുകയും വെച്ചുപോരുകയും ചെയ്യുന്ന പ്രാക്ടീസ് ചെയ്യാത്ത അഭിഭാഷകരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു അഭിഭാഷകന്, അയാളുടെ പേര് ബാർ കൗൺസിൽ സൂക്ഷിച്ചുപോരുന്ന പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൻമേൽ ഫണ്ടിലെ അംഗമായി തുടരുന്നതിന് അർഹതയുണ്ടായിരിക്കുന്നതും ഫണ്ടിലെ അംഗത്വം തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.';

(1 ഇ) ഫണ്ടിൽ അംഗമായി ചേരാത്ത ഒരു അഭിഭാഷകന് ഫണ്ടിലെ ഒരു അംഗമായി പ്രവേശനം ലഭിക്കുന്നതിന്, അപ്രകാരം പ്രവേശനം ലഭിക്കുന്ന സമയത്തുള്ള പ്രാക്ടീസ് കാലാവധിക്ക് ആനുപാതികമായ വാർഷിക വരിസംഖ്യയെ അയാളുടെ യഥാർത്ഥ പ്രാക്ടീസ് ചെയ്ത വർഷങ്ങൾ കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയോടൊപ്പം, യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും രണ്ടായിരം രൂപ പിഴ സഹിതം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ നൽകാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള അംഗത്തിന് ഫണ്ടിലേക്ക് അങ്ങനെ പ്രവേശനം ലഭിച്ച തീയതി മുതൽ പത്ത് വർഷക്കാലാവധിക്കുള്ളിൽ പ്രാക്ടീസ് സ്വമേധയാ അവസാനിപ്പിച്ചാൽ ഫണ്ടിൽ നിന്നും യാതൊരു തുകയും ആവശ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതല്ലാത്തതുമാണ് :

എന്നുമാത്രമല്ല (1 ഇ) ഉപവകുപ്പ് പ്രകാരം ഫണ്ടിലേക്ക് പ്രവേശനം ലഭിച്ച ഒരു അഭിഭാഷകന് അയാളുടെ യഥാർത്ഥ പ്രാക്ടീസിന്റെ പത്ത് വർഷം വരെ മാത്രമേ അവകാശപ്പെടാൻ യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു അപേക്ഷ കിട്ടിയാൽ ട്രസ്റ്റി കമ്മിറ്റി അതിന് യുക്തമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും അപേക്ഷകനെ ഒന്നുകിൽ ഫണ്ടിൽ ചേർക്കുകയോ അല്ലെങ്കിൽ എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്:

എന്നാൽ അപേക്ഷകന് പറയാനുള്ളത് പറയാൻ ഒരവസരം നൽകാതെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള യാതൊരു ഉത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

(3) ഫണ്ടിൽ അംഗമാകുന്നതിനു അപേക്ഷിക്കുന്ന ഒരു അഭിഭാഷകൻ അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രവേശന ഫീസായി അഞ്ഞൂറ് രൂപ ട്രസ്റ്റി കമ്മിറ്റിയുടെ അക്കൗണ്ടിൽ നൽകേണ്ടതാണ്;

(4) ഒരു അപേക്ഷ നിരസിക്കുന്ന സംഗതിയിൽ അപേക്ഷയോടൊപ്പം നൽകിയ പ്രവേശന ഫീസ് അപേക്ഷകന് മടക്കി കൊടുക്കേണ്ടതാണ്;

(5) ഓരോ അംഗവും ഫണ്ടിലേക്കുള്ള വാർഷിക വരിസംഖ്യ താഴെപ്പറയുന്ന നിരക്കുകളിൽ എല്ലാവർഷവും ജൂൺ 30-ാം തീയതിയിലോ അതിനുമുൻപോ നൽകേണ്ടതാണ്, അതായത്:—

| | |
|---|---|
| “ (i) അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷത്തിൽ കുറവാണെങ്കിൽ | അഞ്ഞൂറ് രൂപ |
| (ii) അഭിഭാഷകന്റെ ബാറിലെ സേവനകാലം അഞ്ചുവർഷവും അതിലധികവും എന്നാൽ പത്തുവർഷത്തിൽ കുറവും ആണെങ്കിൽ | ആയിരം രൂപ |
| (iii) അഭിഭാഷകന്റെ ബാറിലെ സേവനകാലം പത്തുവർഷവും അതിലധികവും എന്നാൽ പതിനഞ്ചുവർഷത്തിൽ കുറവും ആണെങ്കിൽ | രണ്ടായിരം രൂപ |

| | |
|---|---|
| (iv) അഭിഭാഷകന്റെ ബാറിലെ സേവനകാലം പതിനഞ്ചുവർഷവും അതിലധികവും എന്നാൽ ഇരുപത് വർഷത്തിൽ കുറവും ആണെങ്കിൽ | രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| (v) അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത് വർഷവും അതിലധികവും എന്നാൽ ഇരുപത്തിയഞ്ച് വർഷത്തിൽ കുറവും ആണെങ്കിൽ | മൂവായിരം രൂപ |
| (vi) അഭിഭാഷകന്റെ ബാറിലെ സേവനകാലം ഇരുപത്തിയഞ്ചുവർഷവും അതിലധികവും എന്നാൽ മുപ്പത് വർഷത്തിൽ കുറവും ആണെങ്കിൽ | മൂവായിരത്തി അഞ്ഞൂറ് രൂപ |
| (vii) അഭിഭാഷകന്റെ ബാറിലെ സേവനകാലം മുപ്പതുവർഷവും അതിലധികവും ആണെങ്കിൽ | നാലായിരം രൂപ |

എന്നാൽ 1961-ലെ അഭിഭാഷക ആക്ട് (1961-ലെ 25-ാം കേന്ദ്ര ആക്ട്) പ്രകാരം, സീനിയർ അഭിഭാഷകനായി പദവി നൽകപ്പെട്ടിട്ടുള്ള ഒരു അഭിഭാഷകൻ, ആറായിരം രൂപ നിരക്കിൽ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന തുക, അംശദായം നൽകുന്ന ആൾ അംഗമായിട്ടുള്ള ബാർ അസ്സോസിയേഷൻ മുഖാന്തിരമോ ബന്ധപ്പെട്ട ബാർ അസ്സോസിയേഷനിൽ നിന്നുള്ള ഒരു ശുപാർശ കത്ത് സഹിതം നേരിട്ടോ നിധിയിലേക്ക് നൽകേണ്ടതാണ്.

(6 എ) നിധിയിലെ എല്ലാ അംഗങ്ങളും ഓരോ വർഷവും, വരിസംഖ്യ തുകയോടൊപ്പം, അയാൾ യഥാർത്ഥ പ്രാക്ടീസിലാണെന്നും മറ്റ് യാതൊരു ഉദ്യോഗവും ചെയ്യുന്നില്ലെന്നും മറ്റ് ഏതെങ്കിലും വൃത്തിയിൽ അല്ലെങ്കിൽ തൊഴിലിൽ ഏർപ്പെട്ടില്ലെന്നും ഉള്ള ഒരു പ്രഖ്യാപനം, അതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ, ട്രസ്റ്റീ കമ്മിറ്റി മുൻപാകെ ഹാജരാക്കേണ്ടതാണ്.

(7) ഒരു വർഷത്തെ വാർഷികവരിസംഖ്യ ആ വർഷം ജൂൺ മാസം 30-നോ അതിനുമുമ്പോ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഒരംഗത്തിന് കുടിശ്ശികത്തുക, പ്രസ്തുത തീയതി മുതൽ ആറുമാസത്തിനകം, പ്രതിവർഷം പന്ത്രണ്ടു ശതമാനം നിരക്കിൽ പിഴയോടുകൂടി അടയ്ക്കാവുന്നതാണ്.

(8) (7)-ാം ഉപവകുപ്പിൽ പറഞ്ഞ കാലയളവിനുള്ളിൽ പിഴയോടുകൂടി വാർഷികവരിസംഖ്യ അടയ്ക്കുന്നതിൽ ഒരംഗം വീഴ്ച വരുത്തുന്നിടത്ത് അങ്ങനെയുള്ള അംഗത്തെ വരിസംഖ്യ അടയ്ക്കാത്തതിന് ഫണ്ടിന്റെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ കാണിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള ഒരു രജിസ്റ്റേർഡ് നോട്ടീസ് അങ്ങിനെയുള്ള അംഗത്തിന് ഫണ്ടിന്റെ അംഗത്വ രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അങ്ങനെയുള്ള നോട്ടീസ് അയച്ചശേഷം ഒരുമാസത്തിനകം തുക അടയ്ക്കാതിരുന്നതിന് കുടിശ്ശികക്കാരൻ, ട്രസ്റ്റി കമ്മിറ്റിക്ക് ബോദ്ധ്യംവരത്തക്കവിധം മതിയായ കാരണം കാണിക്കുകയും അടയ്ക്കുന്ന തീയതി വരെ പിഴയോടൊപ്പം മുഴുവൻ വരിസംഖ്യയും നോട്ടീസ് ചാർജ്ജും അടയ്ക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെ അടയ്ക്കാതിരിക്കുന്നത് സംബന്ധിച്ച് അയാൾക്കെതിരെ ട്രസ്റ്റ് കമ്മിറ്റിക്ക് ഏതെങ്കിലും നടപടി എടുക്കാതിരിക്കുകയോ നടപടി തുടരാതിരിക്കുകയോ ചെയ്യാവുന്നതും മറ്റുസംഗതികളിൽ ട്രസ്റ്റി കമ്മിറ്റി കുടിശ്ശികക്കാരനെ ഫണ്ടിന്റെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

(8 എ) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പരാതി ലഭിക്കുന്നതിൻമേലോ, മറ്റുവിധത്തിലോ, ട്രസ്റ്റി കമ്മിറ്റിക്കു യുക്തമെന്ന് തോന്നാവുന്ന പ്രകാരമുള്ള അന്വേഷണങ്ങൾക്കുശേഷം, ഒരാൾ ട്രസ്റ്റി കമ്മിറ്റിയെ അറിയിക്കാതെ, സ്വമേധയാ പ്രാക്ടീസ് സസ്പെൻഡ് ചെയ്തെന്നോ, അല്ലെങ്കിൽ പ്രാക്ടീസ് അവസാനിപ്പിച്ചെന്നോ അല്ലെങ്കിൽ ആക്ടിന്റെ 13-ാം വകുപ്പിൻകീഴിൽ ബാർ കൗൺസിൽ അംഗീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്ത ഒരു അസോസിയേഷനിൽ അംഗമല്ലാതായിത്തീർന്നെന്നോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ പ്രാക്ടീസ് ചെയ്യുവാൻ അയോഗ്യനാക്കപ്പെട്ടിരിക്കുന്നുവെന്നോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയിൽ സജീവമായി പ്രാക്ടീസ് ചെയ്യുന്നില്ലെന്നോ കമ്മിറ്റിക്ക് ബോധ്യമാകുന്നിടത്ത് അങ്ങനെയുള്ള അംഗത്തിന്, നിർദ്ദിഷ്ട നടപടിക്കെതിരെ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകിയ ശേഷവും, കാരണം എന്തെങ്കിലും കാണിച്ചിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചശേഷവും, അയാളെ ഫണ്ടിന്റെ അംഗത്വത്തിൽ നിന്നു നീക്കം ചെയ്യാവുന്നതാണ്.

(9) ഫണ്ടിന്റെ അംഗത്വത്തിൽ പ്രവേശനം കിട്ടുന്ന അവസരത്തിൽ ഏതൊരംഗവും, പണം ലഭിക്കുന്നതിനുമുമ്പ് അയാൾക്ക് മരണം സംഭവിക്കുന്ന സംഗതിയിൽ ഫണ്ടിൽ നിന്നും അയാൾക്ക് കിട്ടാനുള്ള തുക സ്വീകരിക്കുന്നതിനുള്ള അവകാശം ഒന്നോ അതിലധികമോ ആളുകൾക്ക് കൊടുക്കുന്നതിനുള്ള നോമിനേഷൻ കൊടുക്കേണ്ടതാണ്.

(10) പക്ഷേ ഒരംഗം (9)-ാം ഉപവകുപ്പിൻ കീഴിൽ ഒന്നിലധികം പേരെ നോമിനേറ്റു ചെയ്യുകയാണെങ്കിൽ അയാൾക്ക് ലഭിക്കേണ്ടതായ മുഴുവൻ തുകയും അടങ്ങുന്ന രീതിയിൽ ഓരോ നോമിനിയ്ക്കും കൊടുക്കേണ്ട തുകയോ ഓഹരിയോ നോമിനേഷനിൽ പ്രത്യേകം പറയേണ്ടതാണ്.

(11) രേഖാമൂലമായ ഒരു നോട്ടീസ് ട്രസ്റ്റി കമ്മിറ്റിക്കു കൊടുത്തു കൊണ്ട് ഒരംഗത്തിന് ഏതൊരു സമയവും നോമിനേഷൻ റദ്ദാക്കാവുന്നതാണ്. എന്നാൽ ഒരംഗം അങ്ങനെയുള്ള നോട്ടീസിന്റെ കൂടെ ഒരു പുതിയ നോമിനേഷൻ അയയ്ക്കേണ്ടതുണ്ട്.

(12) സ്വമേധയാ പ്രാക്ടീസ് നിറുത്തൽ ചെയ്യുകയോ, അഥവാ അതിൽ നിന്നും വിരമിക്കുകയോ ചെയ്യുന്ന ഏതൊരു അംഗവും അങ്ങനെ നിർത്തലാക്കുകയോ വിരമിക്കുകയോ ചെയ്ത് 15 ദിവസത്തിനകം ആ സംഗതി ട്രസ്റ്റി കമ്മിറ്റിയെ അറിയിക്കേണ്ടതും തക്കതായ കാരണങ്ങളാലല്ലാതെ ഏതെങ്കിലും അംഗം അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ ആ അംഗത്തിന് കൊടുക്കേണ്ടതായ തുക ട്രസ്റ്റി കമ്മിറ്റിക്ക് നിർണ്ണയിക്കപ്പെട്ട തത്വങ്ങൾക്കനുസൃതമായി കുറയ്ക്കാവുന്നതുമാകുന്നു.

(13) സ്വമേധയാ ഫണ്ടിലെ തന്റെ അംഗത്വം സസ്പെന്റ് ചെയ്യുന്ന ഒരംഗത്തിന്, ബാർ കൗൺസിൽ അനുവദിച്ചപ്രകാരം ഒരു അഭിഭാഷകനായി തന്റെ പ്രാക്ടീസ് പുനരാരംഭിക്കുമ്പോൾ, പുനരാരംഭിക്കൽ ചാർജ്ജായി രണ്ടായിരം രൂപ നൽകുന്നതിൻമേൽ ഫണ്ടിലെ അയാളുടെ അംഗത്വം പുനരാരംഭിക്കാവുന്നതും പുനരാരംഭ തീയതി അയാളുടെ അംഗത്വ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**    **    **    **

16. <u>പ്രാക്ടീസ് നിർത്തലാക്കുമ്പോൾ ഫണ്ടിൽ നിന്ന് പണം കൊടുക്കൽ.</u>—

(1) നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ നിധിയിലെ ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും ഇരുപത്തി അയ്യായിരം രൂപ എന്ന നിരക്കിൽ പരമാവധി മൊത്തം തുക പത്ത് ലക്ഷം രൂപയ്ക്ക് വിധേയമായി നിധിയിൽ നിന്ന് കൈപ്പറ്റുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെ, നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുമ്പ് വിരമിക്കൽ ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് അയാൾ അടച്ച മൊത്തം വരിസംഖ്യയും അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തലാക്കൽ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് മൊത്തത്തിൽ ഒരു ലക്ഷം രൂപ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ ഉള്ള തുക, ഇതിൽ ഏതാണോ കൂടുതൽ അത്, നിധിയിൽ നിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(1 എ) 1-ാം ഉപവകുപ്പിലോ, ഏതെങ്കിലും കോടതിയുടേയോ ട്രിബ്യൂണലിന്റേയോ മറ്റധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1993 മാർച്ച് 2-ാം തീയതിയോ അതിനു മുൻപോ തന്റെ പ്രാക്ടീസ് അവസാനിപ്പിച്ച ഒരംഗത്തിന്, 1989 മേയ് 5-ാം തീയതി വരെയുള്ള കാലയളവ് സംബന്ധിച്ച് പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും ആയിരം രൂപാ നിരക്കിലും ശേഷിക്കുന്ന കാലയളവ് സംബന്ധിച്ച്, പ്രാക്ടീസ് പൂർത്തിയാക്കിയ ഓരോ വർഷത്തിനും രണ്ടായിരം രൂപാ നിരക്കിലും കണക്കാക്കപ്പെടുന്ന തുക ഫണ്ടിൽനിന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് ഒരംഗം മരണപ്പെടുന്ന സംഗതിയിൽ, അയാൾ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അപ്രകാരം നാമനിർദ്ദേശം ചെയ്ത ആൾ ഇല്ലായെങ്കിൽ അയാളുടെ നിയമാനുസൃതമായ അവകാശികൾക്കോ, അതതുസംഗതിപോലെ, മൂന്ന് ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ പരമാവധി മൊത്തം പത്ത് ലക്ഷം രൂപ, ഇതിൽ ഏതാണോ കൂടുതൽ അത്, നിധിയിൽ നിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്;

(3) *****

(4) പണം നൽകുന്ന ആവശ്യത്തിലേക്ക് പ്രാക്ടീസ് ചെയ്ത പൂർണ്ണ വർഷങ്ങൾ കണക്കാക്കുന്നതിന് —

(i) (1) ഉം (2) ഉം ഉപവകുപ്പുകൾ പ്രകാരം, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് ബാറിലെ ഓരോ രണ്ട് വർഷത്തിലും പ്രാക്ടീസും, കൂടാതെ

(ii) 1എ ഉപവകുപ്പിൻ കീഴിൽ, ബാറിൽ പ്രാക്ടീസ് ചെയ്ത ഓരോ നാലുവർഷവും,

ഫണ്ടിൽ അംഗമായി ചേരുന്നതിന് മുൻപ് പ്രാക്ടീസ് ചെയ്ത ഒരു വർഷം എന്നു കണക്കാക്കേണ്ടതും, അങ്ങനെയുള്ള പ്രവേശനത്തിനുശേഷം പ്രാക്ടീസ് ചെയ്ത വർഷങ്ങളുടെ എണ്ണത്തോട് അത് കൂട്ടേണ്ടതുമാണ്:

എന്നാൽ പ്രാക്ടീസ് കാലയളവ് കണക്കാക്കുമ്പോൾ സ്വമേധയാ ആയോ അല്ലാതേയോ പ്രാക്ടീസ് സസ്പെന്റ് ചെയ്ത കാലയളവ് ഒഴിവാക്കേണ്ടതാണ്:

എന്നുതന്നെയുമല്ല, 1995-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്ടിന്റെ പ്രാരംഭത്തിനുശേഷം ആറുമാസത്തിനകമോ അല്ലെങ്കിൽ, അതതു സംഗതിപോലെ, അഭിഭാഷകനായി എൻറോൾ ചെയ്ത ശേഷം, ആറുമാസത്തിനകമോ ഫണ്ടിൽ അംഗമാകാൻ അപേക്ഷിക്കാത്ത ഒരാളുടെ സംഗതിയിൽ, ഫണ്ടിൽ അംഗമാകുന്നതിന് മുമ്പ് അങ്ങനെയുള്ള ആളുടെ പ്രാക്ടീസ് കാലയളവ് ഏതെങ്കിലും ഉണ്ടെങ്കിൽ, അത് കണക്കാക്കാൻ പാടുള്ളതല്ല.

(5) ***

(5-എ) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഫണ്ടിൽ അംഗമാകുന്നതിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള ഒരാൾ ഫണ്ടിലെ അംഗമായി ചേർക്കുന്നതിനു മുമ്പ് മരിച്ചാൽ, അയാൾ മരിച്ചിട്ടില്ലായിരുന്നെങ്കിൽ ഫണ്ടിലെ അംഗമായി ചേർക്കുന്നതിന് അർഹതയുണ്ടായിരുന്നു എങ്കിൽ, അതതു സംഗതി പോലെ, അയാളുടെ നോമിനിക്കോ നിയമാനുസൃത അവകാശിക്കോ, പ്രാക്ടീസ് ചെയ്ത ഓരോ വർഷത്തേക്കും 1981 ഏപ്രിൽ 5-ാം തീയതി ആരംഭിക്കുന്നതും, 1989 മേയ് 5-ാം തീയതി അവസാനിക്കുന്നതുമായ കാലയളവിലേക്ക് ആയിരം രൂപ നിരക്കിലും 1989 മേയ് 6-ാം തീയതി മുതൽ 1993-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിന്റെ, പ്രാരംഭ തീയതിക്ക് തൊട്ടുമുൻപുള്ള തീയതി വരെ, പ്രാക്ടീസ് ചെയ്ത ഒരു വർഷത്തേക്ക് രണ്ടായിരം രൂപ എന്ന നിരക്കിലും, അതിനുശേഷം പ്രാക്ടീസ് ചെയ്ത ഒരു വർഷത്തേക്ക് മൂവായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപ എന്ന നിരക്കിലും ഉള്ള ഒരു തുക കിട്ടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(6) ഫണ്ടിൽ നിന്നും പണം കിട്ടുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ട്രസ്റ്റി കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(7) (6)-ാം ഉപവകുപ്പിൻ കീഴിൽ കിട്ടിയ ഒരു അപേക്ഷ ആവശ്യമെന്ന് കരുതുന്ന അന്വേഷണങ്ങൾക്കു ശേഷം ട്രസ്റ്റി കമ്മിറ്റി കയ്യൊഴിക്കേണ്ടതാകുന്നു.

(8) പ്രാക്ടീസ് അവസാനിപ്പിച്ചതിൻമേൽ മുഴുവൻ ക്ഷേമനിധി ആനുകൂല്യങ്ങളും കൈപ്പറ്റുകയും അതിനുശേഷം പ്രസ്തുത തുക പലിശ സഹിതം കേരള ബാർ കൗൺസിൽ

ചട്ടങ്ങളിലെ 5-ാം അദ്ധ്യായത്തിലെ 4-ാം ചട്ടം (എ) ഇനപ്രകാരം, ക്ഷേമനിധിയിൽ തിരിച്ചടച്ച ഒരു ആളിന് കേരള ബാർ കൗൺസിലിന്റെ റോളിൽ നിന്നും അയാൾ നീക്കം ചെയ്യപ്പെട്ടുമ്പോൾ, നിധിയിൽ നിന്നും അയാൾ കൈപ്പറ്റിയ തുക ആറ് ശതമാനം പലിശയോടുകൂടി തിരിച്ചടച്ച തീയതി മുതൽ അയാൾക്ക് തിരികെ കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ തുക തിരിച്ചടയ്ക്കുന്ന ആൾ മരണപ്പെട്ടാൽ ആ തുക അദ്ദേഹം നാമനിർദ്ദേശം ചെയ്ത ആൾക്കോ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഇല്ലായെങ്കിൽ അയാളുടെ നിയമാനുസൃതമായ അവകാശികൾക്കോ നൽകേണ്ടതാണ്.

** ** ** **

18. <u>അംഗങ്ങൾക്കുള്ള ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസും മറ്റു ആനുകൂല്യങ്ങളും</u>.— ഫണ്ടിലെ അംഗങ്ങളുടെ ക്ഷേമത്തിനായി "ട്രസ്റ്റീ കമ്മിറ്റി".—

(എ) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ഫണ്ടിലെ അംഗങ്ങൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസികൾ എടുക്കുകയും;

(ബി) "ഫണ്ടിലെ അംഗങ്ങൾക്ക് ചികിൽസയ്ക്കും വിദ്യാഭ്യാസ സൗകര്യങ്ങൾക്കും ആയി പരമാവധി അയ്യായിരം രൂപ വ്യവസ്ഥ ചെയ്യുകയും ഫണ്ടിലെ അംഗങ്ങളുടെ സംഗതിയിൽ മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന, ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ കാൻസർ ചികിത്സക്കും മറ്റ് ഗുരുതര രോഗങ്ങൾക്കും വേണ്ടിയോ, മൂന്ന് വർഷക്കാലയളവിലേക്ക് ഒരു ലക്ഷം രൂപ നൽകുകയും ;

(സി) നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും ചെയ്യാവുന്നതാണ്.

** ** ** **

22. <u>ബാർ കൗൺസിൽ സ്റ്റാമ്പുകൾ അച്ചടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യണമെന്ന്</u>.—(1) ബാർ കൗൺസിൽ, പതിനഞ്ച് രൂപയുടെയും ഇരുപത്തിയഞ്ച് രൂപയുടെയും മൂല്യമുള്ള ക്ഷേമനിധി സ്റ്റാമ്പുകൾ ബാർ കൗൺസിൽ മുദ്രയോടും അതിൻമേൽ അതിന്റെ മൂല്യം പതിച്ചുകൊണ്ടും അച്ചടിപ്പിക്കുകയും വിതരണം ചെയ്യിക്കുകയും ചെയ്യേണ്ടതാണ്.

(2) സ്റ്റാമ്പുകൾ, അതാതു സമയം ബാർ കൗൺസിൽ തീരുമാനിക്കുന്ന പ്രകാരമുള്ള വലിപ്പത്തിലും നിറത്തിലുമുള്ളവയായിരിക്കേണ്ടതാണ്.

(3) സ്റ്റാമ്പുകൾ ബാർ കൗൺസിലിന്റെ അധീനതയിലായിരിക്കേണ്ടതാണ്.

(4) ബാർ കൗൺസിൽ, ബാർ അസോസിയേഷനുകൾ വഴി അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി ബാർ കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള ഔട്ട്‌ലെറ്റുകൾ വഴി സ്റ്റാമ്പിന്റെ വിതരണവും വിൽപ്പനയും നിയന്ത്രിക്കേണ്ടതാണ്.

(5) ബാർ കൗൺസിലും ബാർ അസോസിയേഷനുകളും സ്റ്റാമ്പിന്റെ ശരിയായ അക്കൗണ്ടുകൾ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും അങ്ങനെയുള്ള രീതിയിലും സൂക്ഷിക്കേണ്ടതാണ്.

(6) അനാമത്തു ചെലവുകൾക്കായി അങ്ങനെയുള്ള വിലയുടെ പത്ത് ശതമാനം കിഴിവു ചെയ്ത ശേഷം വരുന്ന തുക അടച്ച് സ്റ്റാമ്പുകൾ ബാർ കൗൺസിലിന്റെ പക്കൽ നിന്നും ബാർ അസോസിയേഷനുകൾ വാങ്ങേണ്ടതാണ്.

(7) ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ, മറ്റ് അധികാരസ്ഥാനത്തോ ഫയൽ ചെയ്തിട്ടുള്ള വക്കാലത്തുകളിൽ ഒട്ടിച്ചിരിക്കുന്ന ഓരോ സ്റ്റാമ്പും 1959-ലെ കേരള കോടതി ഫീസും വ്യവഹാരസലയും സംബന്ധിച്ച ആക്റ്റി (1960-ലെ 10)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ റദ്ദാക്കേണ്ടതാണ്.

** ** ** **

23. <u>വക്കാലത്തിൽ സ്റ്റാമ്പുകൾ ഉണ്ടായിരിക്കണമെന്ന്</u>.—(1) ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഓരോ വക്കാലത്തിലും അതിൻമേൽ പതിച്ചിട്ടുള്ള കോർട്ട് ഫീസ് സ്റ്റാമ്പിന് പുറമേ, ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്നവക്കാലത്തിന്റെ സംഗതിയിൽ അൻപത് രൂപാ മൂല്യമുള്ളതും കീഴ് ക്കോടതികളുടെയും ട്രിബ്യൂണലുകളുടെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും മുമ്പാകെ ഫയൽ ചെയ്യുന്ന വക്കാലത്തിന്റെ സംഗതിയിൽ ഇരുപത്തിയഞ്ച് രൂപ മൂല്യമുള്ളതുമായ ക്ഷേമനിധി സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതുമാണ്. അപ്രകാരം സ്റ്റാമ്പ് പതിച്ചിട്ടില്ലാത്ത യാതൊരു വക്കാലത്തും സാധുവായിരിക്കുന്നതല്ലാത്തതുമാകുന്നു.

എന്നാൽ ഗവൺമെന്റിനുവേണ്ടി ഹാജരാകുന്ന ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന യാതൊരു അപ്പിയറൻസ് മെമ്മോറാണ്ടത്തെ സംബന്ധിച്ചും ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും ബാധകമാകുന്നതല്ല.

<u>വിശദീകരണം</u>.— ഒരു വക്കാലത്തുമൂലം മൂന്നോ അതിലധികമോ അഭിഭാഷകർ കൂട്ടായി ഹാജരാകുകയാണെങ്കിൽ അതിൻമേൽ ഒട്ടിക്കാവുന്ന സ്റ്റാമ്പുകളുടെ ഏറ്റവും കൂടിയ എണ്ണം മൂന്നായിരിക്കുന്നതാണ്.

എന്നിരുന്നാലും ഒരു അഭിഭാഷകൻ ഫയൽ ചെയ്യുന്ന ഏതെങ്കിലും വക്കാലത്തിൽ അപ്രകാരം സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലാത്തപക്ഷം യാതൊരു കോടതിയോ ട്രിബ്യൂണലോ മറ്റ് അധികാരസ്ഥാനമോ അത് സ്വീകരിക്കാൻ പാടില്ലാത്തതും, ഏതെങ്കിലും ആൾ നിധിക്ക് നഷ്ടം വരുത്തുന്നതിന് ഉത്തരവാദിയാണെന്ന് കണ്ടെത്തുകയാണെങ്കിൽ അയാളെ അങ്ങനെയുള്ള നഷ്ടം നികത്തുന്നതിന് ബാദ്ധ്യസ്ഥനാക്കപ്പെടാവുന്നതുമാണ്.

(2) സ്റ്റാമ്പിന്റെ മൂല്യം കേസിലെ ചെലവായിരിക്കാൻ പാടില്ലാത്തതും കക്ഷിയിൽ നിന്നും ഒരു കാരണവശാലും വാങ്ങിക്കാൻ പാടില്ലാത്തതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഏതെങ്കിലും അംഗം ലംഘിച്ചാൽ അത് ഫണ്ടിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അയാളെ അനർഹനാക്കുന്നതും ട്രസ്റ്റീ കമ്മിറ്റി അങ്ങനെയുള്ള സംഭവങ്ങൾ, അനുയോജ്യമായ നടപടിക്ക് ബാർ കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും ആകുന്നു.

**　　　**　　　**　　　**